മുപ്പത്തഞ്ച് കൊല്ലം മുൻപാണ്..
കോളേജിലെ ഒരു നാടകമത്സരത്തിൽ നെൽസൺ മണ്ടേലയുടെ വേഷത്തിൽ അണിയറയിൽ നിൽക്കുന്ന നടനെ കണ്ടപ്പോൾ സുഹൃത്തുക്കളിലൊരുവൻ പറഞ്ഞു.. "അളിയാ നിന്നെ കണ്ടാൽ ഇപ്പോൾ ആരും തിരിച്ചറിയില്ല, നീ ഒരു നീഗ്രോ തന്നെ.. നിന്നെ തിരിച്ചറിയാതെ എന്ത് നാടകം?" സുഹൃത്ത് മേക്കപ്പിൽ ചില മാറ്റം വരുത്തുമ്പോഴേക്കും ബെൽ മുഴങ്ങി.. നടൻ കണ്ണാടിയിൽ പോലും നോക്കാതെ വേദിയിലേക്കോടി.. സ്റ്റേജിൽ ബോത്തേക്കും മണ്ടേലക്കും തമ്മിൽ നിറവ്യത്യാസം കാണാതെ ആളുകൾ ബഹളമായി..
നടൻ രസകരമായ ഒരു സംഭവം ഓർത്തെടുത്തു.

2025ലെ എറണാകുളം ചാപ്റ്റർ മീറ്റിൽ ഉപകരണസംഗീതം അനൗൺസ് ചെയ്തപ്പോൾ കാണികൾ പ്രതീക്ഷിച്ചത്
വയലിൻ, പുല്ലാങ്കുഴൽ, തബല എന്നിവയിൽ ഏതെങ്കിലും ഒന്നാകും എന്നാണ്. ആ ധാരണയെ തകിടം മറിച്ചുകൊണ്ട് ഡ്രം സെറ്റുമായി ഒരു കലാകാരൻ രംഗപ്രവേശം ചെയ്തു. അന്ന് ആ സദസ്സിനെ ഇളക്കിമറിച്ച കലാകാരനിലൂടെ ഈ ദളം വിടരുന്നു.

ഷൈലൻ ടി എസ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
സി എ സി എറണാകുളം.

പറവൂരിനടുത്ത് മാല്യങ്കര എന്ന ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിൽ ശ്രീ സുബ്രഹ്മണ്യന്റെയും ശ്രീമതി ദേവുവിന്റെയും ഏഴ് മക്കളിൽ ഏറ്റവും ഇളയ ആളായിരുന്നു ഷൈലൻ.

കൊട്ടുവള്ളിക്കാട് ദേവീക്ഷേത്രവും സ്കൂളും ഒക്കെ വീടിന് തൊട്ടടുത്ത്. ആറ് സഹോദരങ്ങൾ, അവരുടെ സുഹൃത്തുക്കൾ, തീരദേശം ഉൾപ്പെട്ട ഗ്രാമാന്തരീക്ഷം. ഒരു ബാല്യം സമ്പന്നമാകാൻ വേറെന്ത് വേണം?

കൊട്ടുവള്ളിക്കാട് സ്കൂളിലും മാല്യങ്കര എസ് എൻ എം കോളജിലും ആയി വിദ്യാഭ്യാസം. സ്കൂളിൽ പഠിക്കുമ്പോൾ എല്ലാ കലാകായിക മത്സരങ്ങളിലും പങ്കെടുത്തിരുന്നു. നാടകവും അഭിനയവും വല്ലാതെ തലക്ക് പിടിച്ച കാലമായിരുന്നു അത്. ഏഴ് സഹോദരങ്ങളിൽ ഇന്ന് ജീവിച്ചിരിപ്പില്ലാത്ത ഒരു ജ്യേഷ്ഠൻ നല്ലൊരു അഭിനേതാവായിരുന്നു. അദ്ദേഹമാണ് നാടകത്തിലേക്കുള്ള വഴി തുറന്നത്.അമച്വർ നാടകങ്ങൾ കത്തി നിന്ന കാലം. "ഒരാനയും കുറെ പാപ്പാൻമാരും" "ചെണ്ട" "അനന്തയാനം" തുടങ്ങി ഒരുപാട് നാടകങ്ങളിൽ അഭിനേതാവായി തിളങ്ങി.

പ്രീഡിഗ്രി പ്രവേശനത്തിന് ഉയർന്ന മാർക്ക് വേണ്ടിയിരുന്നത് കൊണ്ട് അഡ്മിഷൻ കിട്ടാതെ ബുദ്ധിമുട്ടിയ സമയത്താണ് എറണാകുളം ജില്ലാ

അകപാട്ടിക് അസോസിയേഷന്റെ ഒരു നീന്തൽ ക്യാമ്പിനെ കുറിച്ച് പത്രപരസ്യം കാണുന്നത്. നീന്തലിനോടുള്ള അഭിനിവേശം കൊണ്ട് അതിൽ പങ്കെടുക്കുകയും നീന്തലിൽ പ്രാവീണ്യം നേടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പിന്നീട് കോളേജ് അഡ്മിഷൻ തേടിയെത്തുകയായിരുന്നു.

കോളേജ് വിദ്യാഭ്യാസകാലത്ത് അറിയപ്പെടുന്ന ഒരു നീന്തൽ താരം ആയിത്തീർന്നു ഷൈലൻ. എറണാകുളം ജില്ലാ ടീമിന്റെ ക്യാപ്റ്റൻ എന്ന നിലയിൽ നിരവധി സംസ്ഥാന, ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനും സമ്മാനങ്ങൾ നേടാനും കഴിഞ്ഞു. കൽക്കട്ടയിൽ നടന്ന അഖിലേന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി നീന്തൽ ചാമ്പ്യൻഷിപ്പിലും തിളക്കമാർന്ന വിജയം നേടി.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ നീന്തൽ ചാമ്പ്യൻഷിപ്പിൽ മാല്യങ്കര കോളേജിനെ നയിച്ചത് ഷൈലനായിരുന്നു. പ്രീഡിഗ്രിക്ക് പഠിച്ച രണ്ടു വർഷവും നീന്തലിനൊപ്പം വാട്ടർ പോളോ മത്സരങ്ങളിലും കോളേജിനെയും യൂണിവേഴ്സിറ്റിയെയും നയിക്കാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമായിരുന്നു എന്ന് ഷൈലൻ ഓർക്കുന്നു. നീന്തലിലെ തന്റെ നേട്ടങ്ങൾക്ക് സ്പോർട്സ് കൗൺസിൽ കോച്ച് ആയിരുന്ന പിരപ്പൻകോട് സ്വദേശി ജി ശ്രീകുമാറിനോട് തന്റെ കടപ്പാട് രേഖപ്പെടുത്തുമ്പോൾ ഷൈലന്റെ വാക്കുകളിൽ സന്തോഷം നിറഞ്ഞു.

നീന്തലിനൊപ്പം കവിതാപാരായണവും നാടകവും ഒക്കെ പ്രിയപ്പെട്ട മേഖലകളായി. "ശവംതീനി ഉറുമ്പുകളുടെ ഘോഷയാത്ര" "തീൻമേശയിലെ ദുരന്തം"എന്നീ നാടകങ്ങളിലൂടെ കോളേജിലെ നാടക മത്സരങ്ങളിൽ ഒന്നാം സമ്മാനം നേടി ശ്രദ്ധിക്കപ്പെടുന്ന നടനായി.

പ്രീഡിഗ്രി പഠനകാലത്ത് കൽക്കട്ടയിൽ മീറ്റിന് പങ്കെടുക്കാൻ പോയതിനിടെയാണ് തന്റെ സ്വപ്നമായ പട്ടാള ജീവിതം ഷൈലൻ തെരഞ്ഞെടുത്തത്. അതും പത്തൊൻപതാം വയസ്സിൽ. ഇന്ത്യൻ ആർമിയുടെ മദ്രാസ് എൻജിനീയറിങ് ഗ്രൂപ്പിലേക്ക് വയർലെസ് ഓപ്പറേറ്ററായി പട്ടാളപ്രവേശം. ആദ്യ നിയമനം ജമ്മു കാശ്മീരിൽ. ഇന്ന് പലരും യാത്ര പോകാൻ കൊതിക്കുന്ന സിയാച്ചിൻ മേഖലകളിൽ മൈനസ് 50 ഡിഗ്രിയിൽ ഒക്കെ കഷ്ടപ്പെട്ട ദിവസങ്ങൾ ഓർക്കുമ്പോൾ ഇന്നഭിമാനം തോന്നാറുണ്ടെന്ന് ഷൈലൻ.

ഓപ്പറേഷൻ വിജയ്, ഓപ്പറേഷൻ പരാക്രം, ഓപ്പറേഷൻ മേഘദൂത് തുടങ്ങിയ സൈനിക നടപടികളുടെ ഒക്കെ ഭാഗമായി പ്രവർത്തിക്കാൻ കഴിഞ്ഞത് ഏറെ അഭിമാനകരമാണ്.16 വർഷത്തെ പട്ടാള സേവനത്തിന് ശേഷം പഞ്ചാബിൽ നിന്നും റിട്ടയർ ചെയ്ത് പോരുമ്പോൾ പൊള്ളുന്നതും മധുരമുള്ളതുമായ ഒരുപാട് ഓർമകളും കൂടെ കൂടി.

പട്ടാളസേവനത്തിനിടെയായിരുന്നു വിവാഹം. നാട്ടിൽ നാടകവും ചില്ലറ കലാപരിപാടികളും ഒക്കെയായി നടന്നിരുന്ന ഷൈലന് പട്ടാള സേവനം പുതിയ മേഖലകളിലേക്ക് വ്യാപരിക്കാൻ ധാരാളം സമയവും അവസരങ്ങളും നൽകി. ഒഴിവുസമയങ്ങളിൽ സംഗീതവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഒരു സംഘം ജീവിതവഴിയിൽ ഏറെ സ്വാധീനം ചെലുത്തി.

ഇന്നും ഓർമ്മയിൽ തിളങ്ങി നിൽക്കുന്നത് കാളിദാസൻ എന്നൊരു കലാകാരനാണ്. അദ്ദേഹം നന്നായി ഡ്രംസ് വായിക്കുമായിരുന്നു. താള വാദ്യങ്ങളിൽ ഉണ്ടായിരുന്ന താൽപര്യം കാളിദാസനൊപ്പം ചേർന്ന് ഡ്രംസ് വായിച്ചു നോക്കാനുള്ള പ്രേരണയും പ്രോത്സാഹനവും ഷൈലന് നൽകി. പതിയെ പതിയെ പല സംഗീത പരിപാടികളിലും കാളിദാസനൊപ്പം ഷൈലനും ഡ്രംസുമായി രംഗത്തെത്തി. അടിസ്ഥാനപരമായ പരിശീലനം നേടാതെയാണ് ഷൈലൻ ഈ മേഖലയിൽ പ്രാവീണ്യം നേടിയത് എന്നത് അതിന് മാധുര്യമേറ്റുന്നു.

പിന്നീട് നാട്ടിലും പട്ടാളത്തിലും ഒക്കെ അറിയപ്പെടുന്ന ഒരു ഡ്രമ്മർ ആയി തിളങ്ങാൻ കഴിഞ്ഞത് വലിയൊരനുഗ്രഹമായാണ് ഷൈലൻ കാണുന്നത്.

പട്ടാള സേവനത്തിനു ശേഷം നാട്ടിലെത്തിയ ഷൈലൻ 2014ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ജീവനക്കാരനായി. വാടാനപ്പള്ളി ശാഖയിലായിരുന്നു ആദ്യ നിയമനം. പിന്നീട് ചാവക്കാട്, നായരമ്പലം, പറവൂർ, സി എ സി ഉദ്യോഗമണ്ഡൽ, തുടങ്ങിയ ഇടങ്ങളിൽ സേവനമനുഷ്ഠിച്ച ശേഷമാണ് ഇപ്പോൾ എറണാകുളം കറൻസി അഡ്മിനിസ്ട്രേഷൻ സെല്ലിൽ ജോലി നോക്കുന്നത്.

നീന്തൽ ജ്വരം ഇപ്പോഴും വിട്ടൊഴിഞ്ഞിട്ടില്ല ഷൈലന്. ഈയിടെ ഗോവയിൽ നടന്ന നാഷണൽ മാസ്റ്റേഴ്സ് മീറ്റിൽ 400 മീറ്റർ ഫ്രീ സ്റ്റൈൽ, 100 മീറ്റർ ബാക്ക് സ്ട്രോക് എന്നിവയിൽ സ്വർണമെഡലും 50 മീറ്റർ ഫ്രീ സ്റ്റൈലിൽ വെങ്കലവും നേടിയത് ബാങ്കിന്റെ യശസ്സ് കൂടി ഉയർത്തിയ നേട്ടങ്ങളായി. ബാങ്കിന്റെ ആർ ബി ഓ ഒരു ചടങ്ങിൽ നൽകിയ ആദരവ് ഇരട്ടിമധുരമായി.

2025ലെ എറണാകുളം ചാപ്റ്റർ മീറ്റിൽ ആണ് ടാലന്റ് ബാങ്കേഴ്സിൽ ഷൈലന്റെ ആദ്യപ്രകടനം. ആ ഒരൊറ്റ പ്രകടനത്തിലൂടെ തന്നെ ഏവരുടെയും ശ്രദ്ധ നേടാൻ കഴിഞ്ഞു. പിന്നീട് നടന്ന ആലപ്പുഴ മീറ്റിലും തിളക്കമുള്ള പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞത് ടിബി യിൽ നിന്ന് ലഭിച്ച പ്രോത്സാഹനം ഒന്നുകൊണ്ടു മാത്രമാണെന്ന് ഷൈലൻ.

വരുംകാലങ്ങളിൽ ഡ്രംസിനൊപ്പം ടിബിയിലെ മറ്റു വാദ്യകലാകാരന്മാരുമായി ചേർന്ന് ഫ്യൂഷൻ പരിപാടികൾ അവതരിപ്പിക്കണം എന്നതാണ് ഷൈലന്റെ വലിയൊരു സ്വപ്നം.

എറണാകുളം, പറവൂർ കോടതികളിൽ അഭിഭാഷകയായി പ്രാക്ടീസ് ചെയ്യുന്ന ധിജി ഷൈലൻ ആണ് ഷൈലന്റെ ജീവിതപങ്കാളി. തന്റെ എല്ലാ കലാപ്രവർത്തനങ്ങൾക്കും നിറഞ്ഞ പ്രോത്സാഹനമാണ് ധിജി. മൂത്ത മകൻ ഹരിഗോവിന്ദ് അങ്കമാലി ഫിസാറ്റിൽ മെക്കാനിക്കൽ എൻജിനീയറിങ് ഒന്നാം വർഷ വിദ്യാർഥിയാണ്. നല്ലൊരു പാട്ടുകാരനും ഗിറ്റാറിസ്റ്റും ആണ് ഹരി. രണ്ടാമത്തെ മകൻ സൂര്യകിരൺ ഹോളി ഗ്രേസ് സ്കൂളിലെ ഒമ്പതാം വർഷ ക്ലാസ് വിദ്യാർത്ഥി.

കുടുംബത്തോടൊപ്പം പറവൂരിൽ താമസിക്കുന്ന ഷൈലന് തന്റെ ഫ്യൂഷൻ ടീം എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ കഴിയട്ടെ എന്ന് ടി ബി കുടുംബം ആശംസിക്കുന്നു.

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ (Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

Let’s travel back in time,35 years.Beholding an actor backstage at a drama competition at college, who was all set to perform as Nelson Mandela, his friend remarked."Hey, nobody is going to recognise you.You look exactly like a Negro; but how does it make sense if the audience cannot discern your identity?”

The friend began making a few alterations to the makeup.Before he could finish, the bell rang. There wasn’t time for even a cursory glance in the mirror and the actor hurriedly made his appearance on the stage.

Seeing the scarce difference in complexion on comparison with Mandela, the audience grew bewildered and noise began reverberating in the hall.

Later , at the 2025 Ernakulam Chapter Meet, when an instrumental performance was announced, the audience was expecting a violin, a flute or a tabla performance. However,the artist appeared with a drum set and played aplomb, mesmerizing the gathering.

This week, let's put our spotlight on :

Shailan T. S.
State Bank of India
CAC, Ernakulam

Being the youngest of seven children born to Shri Subrahmanyan and Smt. Devu,he grew up in a modest household in Maliankara, near Paravur.
Kottuvallikad Devi Temple and the village school were close to his home. Amid his life in a coastal village centered around his six siblings and their friends , there was little room for boredom. What else is required to enrich one's childhood?

Shailan had his primary education at Kottuvallikad School before continuing his studies at SNM College, Maliankara. At school, he participated in almost every cultural and sports competitions that came his way, with alacrity.

His penchant for drama and acting knew no bounds. One of his late elder brothers, a gifted actor introduced him to the stage. That's how acting gradually became part of his life.

Amateur theatre was prominent at that time. Shailan seized the opportunities to act in productions such as 'Oranayum Kure Pappanmarum', 'Chenda' and 'Ananthayanam'.

Since admission to pre degree courses required high marks, Shailan found it difficult to secure a seat. Meanwhile, he came across a newspaper advertisement. The Ernakulam District Aquatic Association was organising a swimming camp.

He already loved swimming and hence he enrolled. His assiduous efforts at the camp helped him develop his ability, eventually securing him a place in college.

Shailan was widely recognized as a swimming champion at college. He got the opportunity to lead the Ernakulam district team .He competed in several state and national championships earning many accolades and performed at the All India Inter University Swimming Championship in Calcutta also.

Further, he spearheaded the team from Maliankara College at the Mahatma Gandhi University Swimming Championship.

During his pre-degree studies, he led his college and university teams in swimming and water polo.
Shailan acknowledges the encouragement extended by his Sports Council coach, G. Sreekumar, a native of Pirappancode. Under Sreekumar’s tutelage, his abilities flourished.

Along with swimming, poetry recitation and theatre were his areas of focus. Performances in 'Shavamtheeni Urumbukalude Ghoshayathra ' and 'Theenmesayile Durantham' brought him first prizes in college drama competitions.

It was during his pre-degree years, on a journey to Calcutta for a sporting meet, that he decided to pursue his ambition of joining the armed forces.

When he was aged nineteen years, he joined Madras Engineer Group of Indian Army as a wireless operator. His first posting was in Jammu and Kashmir. He had to endure harsh climate conditions in Siachen, where temperature would at times plummet to minus fifty degrees

Celsius.

His 16 years stint in the army granted him the privilege to be a part of Operation Vijay, Operation Parakram and Operation Meghdoot.

He retired while working in Punjab and returned to his home town with lots of memories; Some were poignant,while others were delightful.

Shailan married during his Army years. By then, theatre and local cultural programmes had given him many opportunities .Military life brought him into contact with many people.
He used to spend his leisure time with a group of musicians. This introduced him to new explorations.

One musician, Kalidasan, holds a special place in his heart.

Kalidasan was an accomplished drummer. Noticing Shailan's interest in percussion, he encouraged him to try the drums himself.

Those early attempts gradually became a serious pursuit, and he began accompanying Kalidasan at musical programmes.

He had no formal training. His dexterity developed through persistent effort and the opportunities to play alongside an experienced musician.

Shailan became a familiar drummer in military circles and back at his native place. The recognition means a great deal to him.

After retiring from the Army, he returned home and joined the services of State Bank of India in 2014.

His first posting was at the Vadanappally branch of the bank. He was later transferred to Chavakkad, Nayarambalam, Paravur and the CAC at Udyogamandal. He now works at the Currency Administration Cell in Ernakulam.

Through these changes, swimming remained a constant.

At the recently held National Masters Meet in Goa, Shailan won gold in the 400-metre freestyle and 100-metre backstroke.He has to his credit, bronze medal in the 50-metre freestyle as well. His achievements have brought pride to the Bank.
Recognition from the Bank's RBO gave him another reason to savour the occasion.

His association with Talented Bankers began at the 2025 Ernakulam Chapter Meet. His debut performance on the drums made him the cynosure of the gathering. Another spirited performance followed at the Alappuzha Meet.

Shailan credits the encouragement he received from Talented Bankers for keeping himself

involved in his musical pursuits.

He now hopes to bring together fellow instrumentalists for fusion performances.

His wife,Mrs Dhiji Shailan, has been a steadfast source of encouragement. An advocate practising in the courts of Ernakulam and Paravur, she wholeheartedly supports his artistic pursuits.

Their elder son, Harigovind, is pursuing his Mechanical Engineering degree at FISAT, Angamaly. A singer and guitarist, Hari appears to share his father's proclivity for music. Their younger son, Suryakiran, a ninth grader is studying at Holy Grace School. The family lives in Paravur.

May his dream of a fusion ensemble come to fruition. The Talented bankers community wishes Shailan success in all his future endeavors.